I ഇ.ബി. XV - കേരള നിയമസഭ/III-12

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 27, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

നികുതി തട്ടിപ്പ്

മി. സ്പീക്കർ: തിരുവനന്തപുരം നഗരസഭയുടെ വിവിധ സോണൽ ഓഫീസുകളിൽ കെട്ടിട/ഭൂനികുതിയിനത്തിൽ പിരിച്ചെടുത്ത തുക തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ നികുതിദായകർക്ക് ഉളവായിട്ടുള്ളതായ ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): തിരുവനന്തപുരം നഗരസഭയിലെ നികുതി തട്ടിപ്പുമായി ബന്ധപ്പെട്ട് നേമം, ശ്രീകാര്യം, കഴക്കൂട്ടം പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. നേമം സോണൽ ഓഫീസിൽ നികുതിയിനത്തിൽ ഈടാക്കിയ 26,74,333 രൂപ തട്ടിയെടുത്തതിന് ഒന്നാംപ്രതി സുനിതയെയും സൂപ്രണ്ട് ശാന്തിയെയും അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ശ്രീകാര്യം സോണൽ ഓഫീസിൽ 5,12,785 രൂപ തിരിമറി നടത്തിയതിന് ഒന്നാംപ്രതി ബിജുവിനെയും ആറ്റിപ്ര സോണൽ ഓഫീസിൽ 1,09,836 രൂപ തിരിമറി നടത്തിയതിന് ജോർജ് കുട്ടിയെയും അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുണ്ട്. ബാക്കി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പണം തിരിമറി നടത്തിയതുസംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി കുറ്റക്കാരെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

പണമടച്ച രസീത് കൈവശമുണ്ടെങ്കിൽ നികുതിദായകർക്ക് പണം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ലെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. എം. വിൻസെന്റ്: തിരുവനന്തപുരം നഗരസഭ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. നികുതിപ്പണം നഗരസഭയിൽ അടച്ചിട്ടുണ്ടെന്നുള്ളതിന് ഉറപ്പില്ലാത്തതും നികുതി അടച്ചവരിൽ രസീത് നഷ്ടപ്പെട്ടിട്ടുള്ളതും ആശങ്കയ്ക്കിടയാക്കുന്നു. ഈ ക്രമക്കേടിൽ നാളിതുവരെ ഗവൺമെന്റ് നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. നികുതി തട്ടിപ്പുമായി ബന്ധപ്പെട്ട് ജൂലൈ മാസം പരാതി ഉണ്ടായപ്പോൾത്തന്നെ കുറ്റക്കാരെ സസ്പെന്റ് ചെയ്തെങ്കിലും നടപടി വൈകിയത് പ്രതികൾക്ക് മുൻകൂർ ജാമ്യം നേടുന്നതിനുള്ള അവസരമൊരുക്കി. വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കിയും ആറ്റുകാൽ പൊങ്കാലയുടെ പേരിലും ഇല്ലാത്ത വാഹനങ്ങൾക്ക് ഇൻഷ്വറൻസ് അടച്ചും വിവിധ പദ്ധതികളുടെ പേരിൽ പണം തട്ടിയെടുക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷനിലെ പത്തുവർഷത്തെ സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കോർപ്പറേഷന്റെ സോണൽ

ഓഫീസുകളിൽ നടന്ന ഓഡിറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ തട്ടിപ്പ് സംബന്ധിച്ച കാര്യങ്ങൾ നഗരസഭയ്ക്ക് ലഭിച്ച് ആറുദിവസത്തിനുള്ളിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. മൂന്ന് സോണൽ ഓഫീസുകളിലും പരിശോധന നടത്തി കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുകയും കുറ്റക്കാരാണെന്ന് കണ്ടെത്തിയ നാലു ജീവനക്കാരെ അറസ്റ്റ് ചെയ്യുകയും 13 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് നടന്നിട്ടില്ലെന്ന് ഗവൺമെന്റോ നഗരസഭയോ വാദിക്കുന്നില്ല. കുറ്റവാളികളെ സംരക്ഷിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വീഴ്ചകൾ കണ്ടെത്തിയാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അടച്ച നികുതി സംരക്ഷിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ നികുതിദായകർക്ക് നഷ്ടം സംഭവിക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. വകുപ്പുതല അന്വേഷണമുൾപ്പെടെ നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതാണ്. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിക്കേണ്ടതാണ്. പട്ടികജാതി ക്ഷേമ ഫണ്ട് തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട ആരോപണം ഉയർന്ന ഉടൻ കുറ്റക്കാരായ

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പൊതുജനങ്ങൾ അടച്ച കെട്ടിട/ഭൂനികുതി തട്ടിയെടുത്ത ആളുകളെ സംരക്ഷിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിയത്. കുറ്റവാളികൾക്ക് മുൻകൂർ ജാമ്യംതേടാനുള്ള അവസരമൊരുക്കികൊടുക്കുകയാണ് പോലീസ് ചെയ്തത്. പട്ടികജാതി ക്ഷേമ ഫണ്ട് തിരിമറി നടത്താൻ സഹായിച്ചവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും മറ്റുമായി ചെലവായ വകയിൽ ലക്ഷങ്ങൾ എഴുതിയെടുക്കുകയാണുണ്ടായത്. കോർപ്പറേഷന് സ്വന്തമായി ഒരു മൊബൈൽ മോർച്ചറിയും രണ്ട് ഹിറ്റാച്ചിയുമുണ്ടെങ്കിലും അതൊന്നുമുപയോഗിക്കാതെ ആവശ്യം വരുമ്പോൾ വാടകയ്ക്കെടുത്ത് കമ്മീഷൻ എഴുതിയെടുക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഉയർന്നുവന്ന നിരവധി അഴിമതിയാരോപണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അഴിമതി നടത്തിയ മുഴുവൻ ആളുകളെയും അറസ്റ്റ് ചെയ്യാനും 2015 മുതലുള്ള അഴിമതികളെക്കുറിച്ച് സമഗ്ര അന്വേഷണം

നടത്താനും കോർപ്പറേഷനിൽ നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് എൽ.എസ്.ജി.ഡി. സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കാനും തയ്യാറാകണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നികുതി അടച്ചതിന്റെ രേഖ സോണൽ ഓഫീസുകളിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ നികുതിദായകർക്ക് ഒരു രൂപപോലും നഷ്ടപ്പെടില്ലെന്ന് ഉറപ്പുനൽകുകയാണ്. അഴിമതിയെക്കുറിച്ച് വകുപ്പുതലത്തിലും പോലീസ്, എ.ജി.ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നീ തലങ്ങളിലും അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുറ്റം ചെയ്തതാരായാലും മുഖംനോക്കാതെ അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## II. ശ്രദ്ധക്ഷണിക്കൽ

### (1) എൻ.എച്ച്.എം. ജീവനക്കാരുടെ സേവനം

ശ്രീ. എ. സി. മൊയ്തീൻ: എൻ.എച്ച്.എം. മുഖേന കോവിഡ് ബ്രിഗേഡ് ജീവനക്കാരായി താല്ക്കാലിക നിയമനം ലഭിച്ച ആയിരക്കണക്കിനാളുകളെ പിരിച്ചുവിടാനുള്ള കേന്ദ്ര തീരുമാനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ

ദോഷകരമായി ബാധിക്കുന്നതാണ്. കോവിഡാനന്തര രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾകൂടി ഏർപ്പെടുത്തേണ്ടിവരുന്നതിനാൽ ആശുപത്രികളിലെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണ്. ആരോഗ്യരംഗത്ത് കൂടുതൽ ജാഗ്രത ആവശ്യമായ സമയത്ത് എൻ.എച്ച്.എം. വഴിയുള്ള നിയമനങ്ങൾ റദ്ദ് ചെയ്യാനുള്ള കേന്ദ്ര തീരുമാനം പിൻവലിപ്പിക്കാൻ സമ്മർദ്ദം ചെലുത്തുകയും കോവിഡ്മൂലം സംസ്ഥാനത്തെ ആശുപത്രി വികസന സമിതികൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാനത്ത് കോവിഡ് നിയന്ത്രണ വിധേയമായിത്തുടങ്ങിയതിനാൽ അധിക ജീവനക്കാരുടെ സേവനം ആവശ്യമുള്ള മേഖലകളിൽ മാത്രമായി കോവിഡ് ബ്രിഗേഡിന്റെ സേവനം പരിമിതപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. കോവിഡ് സംബന്ധമായി കൂടുതൽ ആവശ്യങ്ങൾ വരികയാണെങ്കിൽ ഇവർക്ക് പുനർനിയമനം നൽകാവുന്നതാണ്. ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് ആശുപത്രി വികസന സൊസൈറ്റികളിലെ ഫണ്ട് ക്ഷാമം പരിഹരിക്കുന്നതാണ്.

## (2) പ്രവാസികൾക്കായുള്ള പുനരധിവാസ പാക്കേജ്

ശ്രീ. മഞ്ഞളാംകുഴി അലി: കോവിഡ് പ്രതിസന്ധി കാരണം വിദേശത്തുനിന്ന് മടങ്ങിയെത്തിയ പ്രവാസികളെക്കൂടി ഉൾപ്പെടുത്തി കേരള മോഡൽ വികസന മാതൃക പുനരാവിഷ്കരിക്കണം. പ്രവാസികൾക്ക് വിദേശത്തെ തൊഴിലിടങ്ങളിൽനിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നതോടൊപ്പം സുരക്ഷിതമായ നിക്ഷേപങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും പ്രവാസി സഹകരണ സംഘങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും വേണം. ജില്ലാതലത്തിൽ നോർക്കയുടെ സേവനം ഫലപ്രദമായി ലഭ്യമാക്കുന്നതിനും നോർക്ക പദ്ധതികൾ സംബന്ധിച്ച വിവരം എല്ലാവരിലും എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവാസി വായ്പാ പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നൽകുകയും പ്രവാസി പെൻഷൻ തുക പരിഷ്കരിക്കുകയും ഒഡെപെകിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദേശത്ത് തിരികെ പോകാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് സഹായം ലഭ്യമാക്കുന്നതിനും സമഗ്ര കുടിയേറ്റ നിയമം നടപ്പിലാക്കുന്നതിനും പ്രവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ പുനരധിവാസ പാക്കേജ് രൂപീകരിക്കുന്നതിനും നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വാലിഡ് പാസ്പോർട്ടും ജോബ് വിസയുമുണ്ടായിട്ടും തിരികെപ്പോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000 രൂപ വീതവും കോവിഡ് ബാധിച്ച പ്രവാസികൾക്ക് 10,000 രൂപ വീതവും പ്രവാസി പെൻഷൻ വാങ്ങുന്നവർക്ക് കോവിഡ് രണ്ടാം തരംഗത്തിൽ 1,000 രൂപ വീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭകത്വ പദ്ധതികളാവിഷ്കരിക്കുന്നതിനും 2021-22 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തുകയും കുടുംബശ്രീ വഴി രണ്ട് ലക്ഷം രൂപ പലിശരഹിത സംരംഭകത്വ വായ്പയും സഹകരണ സ്ഥാപനങ്ങൾ/പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന 5 ലക്ഷം രൂപവരെ സ്വയംതൊഴിൽ വായ്പയും കെ.എസ്.ഐ.ഡി.സി. മുഖാന്തരം സ്വയംതൊഴിൽ പദ്ധതികൾക്കായി രണ്ടുകോടി രൂപവരെ വായ്പകൾ കുറഞ്ഞ പലിശനിരക്കിലും നൽകിവരുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള NDPREM പദ്ധതി വിപുലീകരിച്ച് പദ്ധതി വിഹിതത്തിൽ വർദ്ധനവ് വരുത്തുകയും ഇവയ്ക്ക് മൂലധന/പലിശ സബ്സിഡി നിബന്ധനകളോടെ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ജപ്തി ഭീഷണി നേരിടുന്ന

മടങ്ങിയെത്തിയ പ്രവാസികളുടെ പ്രശ്നം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ ഉന്നയിക്കുന്നതാണ്. തിരികെപ്പോകാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി ഏകജാലക സംവിധാനവും തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ രേഖകൾക്ക് അപേക്ഷിക്കുന്ന മടങ്ങിയെത്തിയ പ്രവാസികൾക്ക് 15 ദിവസത്തിനകം അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ-തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിനായി തയ്യാറാക്കിയ രണ്ടായിരം കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

## III. സബ്മിഷൻ

### (1) <u>കൊലപാതക കേസ്സിന്റെ വിചാരണ നടപടികൾ</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ലാത്വിയൻ സ്വദേശിനി കൊല ചെയ്യപ്പെട്ട കേസിൽ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് വിചാരണ നടപടികൾ വേഗത്തിലാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി മുമ്പാകെ വിചാരണ നടന്നുവരുന്ന ലാത്വിയൻ

സ്വദേശിനി കൊല ചെയ്യപ്പെട്ട കേസ് 18-02-2022-ലേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന അപേക്ഷ ലഭിക്കുന്നപക്ഷം പോലീസ് മേധാവിയുടെയും ഡയറക്ടറൽ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും അഭിപ്രായം ആരാഞ്ഞ് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) മലപ്പുറം ഫയർ ഓഫീസിന് കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടവും ജീവനക്കാർക്ക് ക്വാർട്ടേഴ്സും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം ജില്ലാ ഫയർ ഓഫീസിനുള്ള പുതിയ കെട്ടിടത്തിനായി 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്, സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(3) കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം നിയോജകമണ്ഡലത്തിൽ കൊച്ചി കോർപ്പറേഷനിലെ റെയിൽവേ പുറമ്പോക്കിലുള്ള ERG കോളനിയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ഗവൺമെന്റ്

ഇടപെടണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): എറണാകുളം നിയോജകമണ്ഡലത്തിലെ റെയിൽവേ പുറമ്പോക്കിലുള്ള ERG കോളനിയിലെ 23 കുടുംബങ്ങളെ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ഇവരെ ഭൂരഹിത-ഭവനരഹിതരുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോടതി ഉത്തരവുപ്രകാരം കുടിയൊഴിപ്പിക്കുന്നതിനുമുമ്പ് പുനരധിവാസം ഉറപ്പാക്കേണ്ടതിനാൽ എത്രയും പെട്ടെന്ന് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ കാവാലിയിലും പ്ലാപ്പള്ളിയിലുമുണ്ടായ പ്രളയക്കെടുതിയിലും ഉരുൾപൊട്ടലിലും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാനും പുറമ്പോക്ക് താമസക്കാർക്ക് പ്രത്യേക പരിരക്ഷയുണ്ടാക്കാനും റോഡുകളും

പാലങ്ങളും അടിയന്തരമായി പുനരുദ്ധരിക്കാനും നദികൾ ശുചീകരിക്കാനും പൂഞ്ഞാറിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കാവാലിയിലും പ്ലാപ്പള്ളിയിലുമുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്ക് ദുരിതാശ്വാസം അനുവദിക്കുന്നതാണ്. പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള തുക പരിമിതമായതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായംകൂടി കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്. വ്യത്യസ്ത ശീർഷകങ്ങളിലായി ജില്ലാ ഭരണകൂടം ആവശ്യപ്പെട്ട പണം എല്ലാ ജില്ലകൾക്കും കൊടുത്തിട്ടുണ്ട്. രേഖകൾ നഷ്ടപ്പെട്ടവർക്ക് അദാലത്ത് സംഘടിപ്പിച്ച് കൃത്യതയോടുകൂടി അവ കൊടുക്കാനുള്ള നടപടിയുണ്ടാകും. മരണപ്പെട്ടവരുടെ അവകാശികൾ, പരിക്കേറ്റവർ, വീടുകൾ നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ, കന്നുകാലികൾ നഷ്ടപ്പെട്ടവർ, ജീവനോപാധി നഷ്ടപ്പെട്ടവർ എന്നിവർക്ക് മാനദണ്ഡപ്രകാരമുള്ള തുക സംസ്ഥാന ദുരന്തപ്രതികരണനിധിയിൽനിന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാരിന്റെ

സജീവ പരിഗണനയിലാണ്.

## (5) നദികളിലെ മാലിന്യം നീക്കം ചെയ്യൽ

ശ്രീ. അൻവർ സാദത്ത്: പ്രളയകാലത്ത് നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രളയ കാലത്ത് അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, മൺസൂൺ മുന്നൊരുക്ക പ്രവൃത്തികൾ എന്നിവയിലുൾപ്പെടുത്തിയും വിവിധ നദികളിലെയും കൈവഴികളിലെയും പ്രളയാവശിഷ്ടങ്ങളും മണ്ണും നീക്കം ചെയ്തുവരുന്നു. പെരിയാറിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ നടപടികൾ മേജർ ഇറിഗേഷൻ എഞ്ചിനീയർ മുഖാന്തരം നടത്തിവരുന്നു. പമ്പാനദിയിലെ ഡീസിൽറ്റേഷനുള്ള തടസ്സങ്ങൾ

നീക്കം ചെയ്യുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കിവരുന്നു.

(6) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിന്റെ പണി ത്വരിതഗതിയിൽ പൂർത്തിയാക്കി റോഡുകൾ ഗതാഗതയോഗ്യമാക്കുകയും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ സ്വീവറേജ് മാലിന്യം സംസ്കരിക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ സ്വീവറേജ് പ്ലാന്റുകളുടെയും മാൻഹോളുകളുടെയും നിർമ്മാണവും പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു. കോവിഡ് മഹാമാരിയും അനിയന്ത്രിതമായ മഴയും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യെ ഉൾപ്പെടുത്തി നവംബർ 2-ാം തീയതി യോഗം ചേർന്ന് പദ്ധതി പൂർത്തീകരണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(7) മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: മറ്റത്തൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകളിലെ മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണം തടയുന്നതിന് രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിൽ ഡിവിഷൻതലത്തിൽ ദ്രുതകർമ്മസേന രൂപീകരിക്കുന്നതാണ്. ഇഞ്ചക്കുണ്ട് മേഖലയിൽ രൂപീകരിച്ചിട്ടുള്ള എലിഫന്റ് സ്ക്വാഡിന്റെ പരിശോധന നടന്നുവരുന്നു. ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കും.

(8) വേടൻ ഗോത്ര സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തൽ

ശ്രീ. വി. ജോയി: വേടൻ ഗോത്ര സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വേടൻ ഗോത്ര സമുദായത്തെ പട്ടികവർഗ്ഗ

വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് കിർത്താഡ്സ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിരുന്നെങ്കിലും അംഗീകരിക്കുകയുണ്ടായില്ല. വേടൻ ഗോത്ര സമുദായത്തിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വേടൻ ഗോത്ര സമുദായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വീണ്ടും കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) നിലമ്പൂർ ബൈപ്പാസ്

ശ്രീ. പി. വി. അൻവർ: നിലമ്പൂർ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി 140.43 കോടി രൂപയുടെ Comprehensive Revised Administrative Sanction നൽകിയിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുക്കലിനായി ആകെ വേണ്ടി വരുന്ന തുക, പ്രവൃത്തിക്കായുള്ള തുക എന്നിവ സർക്കാർ ഉത്തരവിൽ പ്രത്യേകം

വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഒന്നാം ഘട്ട പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷന് ആവശ്യമുള്ള തുക പ്രത്യേകം കണക്കാക്കി റിവൈസ്ഡ് പ്രോജക്ട് കോസ്റ്റിനുള്ള ശിപാർശ സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 10. മൃഗസഞ്ചാര സൗഹൃദ വാഹനം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾ മൃഗസഞ്ചാര സൗഹൃദമാക്കുന്നതിനും മൃഗസംരക്ഷണത്തിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സംസ്ഥാനത്ത് ഉൽസവാഘോഷങ്ങൾക്കും പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് വനം-വന്യജീവി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം വെറ്ററിനറി ഡോക്ടർമാരുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ആനകളെ വാഹനത്തിൽ കൊണ്ടുപോകാൻ പാടുള്ളൂ. ഇത്തരം വാഹനങ്ങൾക്കാവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തി മോട്ടോർ

വാഹന വകുപ്പിൽ നിന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് വാങ്ങി ഓരോ ജില്ലയിലേയും ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസറിൽ നിന്നും അനുമതിപത്രം വാങ്ങേണ്ടതാണ്. ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും ലോറിയുടെ വീതിക്കനുസൃതമായ നീളവും കുറഞ്ഞത് 100 സെ.മീ. വീതിയുള്ള ചവിട്ടുപടിയും സൈഡ് ബോഡിയും ഉണ്ടായിരിക്കേണ്ടതും സഞ്ചാരവേഗത 25 കി. മീ. അധികരിക്കാൻ പാടില്ലാത്തതുമാണ്. ആനയെ അയൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുപോകുന്നതിനുമുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി ആവശ്യമാണ്. ഒരു ദിവസം തുടർച്ചയായി 150 കി.മീറ്ററിൽ കൂടുതൽ യാത്ര ചെയ്ത് ആനകളെ കൊണ്ടുപോകാൻ പാടുള്ളതല്ല. വാഹനത്തിന്റെ ഉയരത്തിനനുസൃതമായി മൃഗങ്ങൾക്ക് സുഗമമായി കയറുവാനും ഇറങ്ങുവാനും സാധ്യമാകുന്ന തരത്തിൽ എടുത്തുമാറ്റാവുന്ന പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാവുന്നതാണ്. ചെക്പോസ്റ്റുകൾ വഴി മൃഗങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾ കർശനമായും പരിശോധിക്കേണ്ടതും ചട്ടവിരുദ്ധമായി മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതും വാഹനങ്ങളിൽ മൃഗങ്ങളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി വാഹനം സംസ്ഥാനത്തിനുള്ളിലേയ്ക്ക് കടത്തിവിട്ട ചെക്പോസ്റ്റ്

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

## V. ക്രമപ്രശ്നം

ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് (SRO നം. 275/2020) ഭേദഗതി വരുത്തിക്കൊണ്ട് 2020 മെയ് 25-ാം തീയതി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടങ്ങൾ (SRO നം. 345/2020) നാളിതുവരെ സഭയുടെ മേശപ്പുറത്തുവയ്ക്കാതിരിക്കുകയും മൂലചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസിന്മേൽ സഭയിൽ ചർച്ച നടന്ന വേളകളിൽപ്പോലും മൂലചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തിയ കാര്യം പരാമർശിക്കാതിരിക്കുകയും ചെയ്തത് ചട്ടലംഘനമാണ്. ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2011-ലെ കേരള പോലീസ് ആക്ടിനുകീഴിൽ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ

നടപടിക്രമങ്ങളെല്ലാം പാലിച്ച് 2020-ൽ കേരള പോലീസ് ചട്ടങ്ങളെന്ന പേരിൽ എസ്.ആർ.ഒ. നം. 275/2020 ആയി 2020 ഏപ്രിൽ 16-ാം തീയതിയിലെ 1056-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത ചട്ടങ്ങളിൽ കേരള പോലീസ് സേനയിലെ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില ഭേദഗതികൾ ആവശ്യമായി കണ്ടതിനാൽ ഈ ചട്ടങ്ങളിലെ ഒൻപതാം ചട്ടം ഭേദഗതി ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-ലെ കേരള പോലീസ് ഭേദഗതി ചട്ടങ്ങൾ വിഷയ നിർണ്ണയ സമിതിയുടെ സാധൂകരണത്തിന് വിധേയമായി 26-05-2020-ലെ 1266-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം 345/2020 ആയി വിജ്ഞാപനം ചെയ്തെങ്കിലും സംസ്ഥാനത്തെ കോവിഡ് 19-ന്റെ ഒന്നാം തരംഗവും തുടർന്നുള്ള മാസങ്ങളിലെ ലോക്ക് ഡൗണും കാരണം ഈ രണ്ട് എസ്.ആർ.ഒ.-കളും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസം നേരിട്ടതിനെത്തുടർന്ന് കാലതാമസപത്രിക സഹിതം സമർപ്പിക്കുകയും 01-06-2021-ന് മൂലചട്ടം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. 07-09-2020-ന് കൂടിയ വിഷയനിർണ്ണയ സമിതി ഭേദഗതി ചട്ടം പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തതിനെത്തുടർന്ന് പ്രസ്തുത

വിജ്ഞാപനം കാലതാമസപത്രിക സഹിതം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ ഭേദഗതിയുമായി പ്രസ്തുത ചട്ടത്തിലെ ഭേദഗതി നിർദ്ദേശങ്ങൾക്ക് യാതൊരു ബന്ധവുമില്ലാത്തതിനാൽ എസ്.ആർ.ഒ. നം. 345/2020 ഭേദഗതി സർക്കാർ മറച്ചുവച്ചുവെന്നും നിയമസഭാംഗങ്ങളുടെ അവകാശം കവർന്നെടുത്തുവെന്നുമുള്ള പരാമർശം ശരിയല്ല. ഇക്കാര്യത്തിൽ കാലതാമസം നേരിട്ടോ എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത മൂലചട്ടങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ 1.06.2021-നും 23.07.2021-നും സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ഭേദഗതി ചട്ടങ്ങളും മൂലചട്ടങ്ങൾക്കൊപ്പം ആ ദിവസങ്ങളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. നിയമസഭാ നടപടി ചട്ടം 166 (1)-ൽ ഏതൊരു ചട്ടവും, അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കുശേഷമോ പരിശോധന കൂടാതെയോ, പുറപ്പെടുവിച്ചുകഴിഞ്ഞാൽ ഉടൻതന്നെ നിർദ്ദിഷ്ട കാലയളവിലേയ്ക്ക് സഭയുടെ

മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂലനിയമമായ 2011-ലെ കേരള പോലീസ് ആക്ടിലും അപ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ യാതൊരുവിധ അവ്യക്തതയും ഈ വിഷയത്തിൽ ഉണ്ടാകേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശനമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടതുമാണ്.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം വയ്ക്കുന്നില്ലെന്ന പരാതികൾ ആവർത്തിച്ച് സഭാതലത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് കർശനമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## VI. നിയമനിർമ്മാണകാര്യം

(1) <u>2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(2) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(i) <u>2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ</u>

(ii) <u>2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## VII. ക്രമപ്രശ്നം

2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിലെ അപാകതകൾ

(1) ശ്രീ. എൻ. ഷംസുദ്ദീൻ: പാർലമെന്റ് പാസ്സാക്കിയ പഞ്ചായത്ത് നഗരപാലിക നിയമങ്ങൾക്ക് വിരുദ്ധമാണ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ഈ ആക്ടിലൂടെ കവർന്നെടുക്കുകയാണ്. ഒരേ കാര്യത്തിന് രണ്ട് നിയമം ഉണ്ടാകുന്നതോടെ ഏത് നിയമത്തിലെ വ്യവസ്ഥയാണ് പാലിക്കേണ്ടതെന്ന കാര്യത്തിൽ സംശയമുണ്ടാകും.

(2) ശ്രീ. പി. സി. വിഷ്ണുനാഥ്: പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും അധികാരവികേന്ദ്രീകരണ നിയമപ്രകാരവും

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ അധികാരങ്ങൾ കവർന്നെടുക്കുന്നതാണ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ.

## ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

(3) ശ്രീ. അൻവർ സാദത്ത്: 1972-ൽ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസ്സാക്കിയശേഷം ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കയയ്ക്കുകയും രാഷ്ട്രപതി സഭയുടെ പുനഃപരിശോധനയ്ക്കായി മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടില്ല. ഏത് കാരണത്താലാണ് രാഷ്ട്രപതി ബിൽ പുനഃപരിശോധനയ്ക്ക് അയച്ചതെന്നും ഈ ബില്ലിന് കേന്ദ്ര സർക്കാരിൽനിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കണം. ബിൽ നിയമമായാൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും അധിക ചെലവ് ഉണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്.

(4) ശ്രീ. എ. പി. അനിൽ കുമാർ: സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് ബില്ലിൽ പറയുമ്പോഴും ധനകാര്യ മെമ്മോറാണ്ടത്തിൽ അധിക ചെലവ് ഉണ്ടാകില്ലെന്ന് കാണിച്ചിരിക്കുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പുള്ള പൊതുജനാരോഗ്യ ബില്ലുകളാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഏകീകൃത പൊതുജനാരോഗ്യ നിയമം രൂപീകരിക്കുകയെന്നുള്ളതാണ് ലക്ഷ്യം. ബിൽ നിയമമാകുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കേണ്ടിവരും. പൊതുജനാഭിപ്രായം ആരാഞ്ഞുകൊണ്ട് സമഗ്രമായ നിയമനിർമ്മാണം നടത്താനാണ് വിഭാവന ചെയ്യുന്നത്. ഈ നിയമത്തിലൂടെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കാൻ ഉദ്ദേശിച്ചിട്ടില്ല. കരട് ബില്ലിലെ വ്യവസ്ഥകൾ നിലവിലെ കേന്ദ്ര നിയമങ്ങളിലെ ഒരു വ്യവസ്ഥകൾക്കും വിരുദ്ധമല്ല; ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്രത്തിന്റെ അനുവാദം ആവശ്യമില്ല.

മെഡിക്കൽ കൗൺസിലിന് സർക്കാർ ഗ്രാന്റ് നൽകുന്നില്ല. സഞ്ചിതനിധിയിൽനിന്ന് ചെലവുകൾ ഉണ്ടാകാത്തതുകൊണ്ടാണ് ധനകാര്യമെമ്മോറാണ്ടം കരട് ബില്ലിനൊപ്പം ഉൾപ്പെടുത്താത്തത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ചട്ടം 73 പ്രകാരം പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യമെമ്മോറാണ്ടം ഉണ്ടാകേണ്ടതാണെന്നും ചെലവ് അന്തർഭവിക്കുന്ന

ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേകം ശ്രദ്ധക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാക്കുന്ന പക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പുചെലവുകൂടി നൽകേണ്ടതാണെന്നും പറഞ്ഞിരിക്കുന്നതിനാൽ ബില്ലുകളോടൊപ്പം ധനകാര്യമെമ്മോറാണ്ടം ഉൾപ്പെടുത്തണമെന്നുള്ളത് പരിശോധനാ വിധേയമാക്കണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ 1994-ലെ കേരള പഞ്ചായത്ത് രാജ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഇത്തരത്തിലുള്ള ഒരു നിയമം അനിവാര്യമാണെന്നുമുള്ള വാദം പ്രാഥമികമായി അംഗീകരിക്കുന്നു. സെലക്ട് കമ്മിറ്റി/സഭാ തലങ്ങളിൽ നടക്കാനിരിക്കുന്ന വിശദമായ പരിശോധനയിൽ വൈരുദ്ധ്യങ്ങൾ പ്രകടമാകുന്നപക്ഷം കൂട്ടായ ചർച്ചയിലൂടെ അവ ഒഴിവാക്കപ്പെടാൻ അവസരമുള്ളതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സഞ്ചിത നിധിയിൽനിന്നും ആവർത്തകവും അനാവർത്തകവുമായ

യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല എന്ന മറുപടി സ്വീകാര്യമാണ്. എന്നാൽ ഇതേ പേരിൽ 1972-ൽ സഭയിൽ അവതരിപ്പിക്കുകയും 1975 മാർച്ച് 21-ാം തീയതി സഭ പാസ്സാക്കുകയും തുടർന്ന് അനുമതി നൽകാതെ പുനഃപരിശോധനയ്ക്കായി രാഷ്ട്രപതി തിരിച്ചയയ്ക്കുകയും ചെയ്ത ബില്ലിനെ സംബന്ധിച്ച പരാമർശം ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ സഭാംഗങ്ങൾക്ക് സഭയുടെ ചരിത്രത്തെക്കുറിച്ച് ധാരണയുണ്ടാകാൻ സഹായകരമാകുമായിരുന്നുവെന്ന് കരുതുന്നു. ധനകാര്യമെമ്മോറാണ്ടം നിർബന്ധിതമാക്കുന്ന പ്രശ്നം ചെയർ വിശദമായി പരിശോധിക്കുന്നതാണ്.

**(നിയമനിർമ്മാണകാര്യം തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെയും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെയും പരിഗണനയ്ക്കയയ്ക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കേരള പൊതുജനാരോഗ്യ ബിൽ അവതരിപ്പിച്ചിരിക്കുന്നതിലൂടെ ചരിത്രപ്രാധാന്യമുള്ള നിയമനിർമ്മാണത്തിലേയ്ക്കാണ് കേരള നിയമസഭ കടന്നിരിക്കുന്നത്. ജനസംഖ്യാ വർദ്ധന, ജീവിത ശൈലിയിലുണ്ടായ മാറ്റം, രോഗാതുരതയിലുണ്ടായ വ്യത്യാസം എന്നിവ പൊതുജനാരോഗ്യ നിയമത്തിൽ പ്രതിഫലിക്കേണ്ടതും നിലവിലെ പകർച്ചവ്യാധികൾ നേരിടാൻ നേരത്തെയുള്ള പൊതുജനാരോഗ്യ നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതും മാനസികാരോഗ്യ പ്രശ്നങ്ങൾ, മുതിർന്ന പൗരന്മാരുടെ ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയിൽ കാലോചിതമായ കൂട്ടിച്ചേർക്കലുകൾ വരുത്തേണ്ടതും അനിവാര്യമാണ്. കേരളം നേരിടുന്ന സമകാലീന പൊതുജനാരോഗ്യ വെല്ലുവിളികളും പ്രതിസന്ധികളും പരിഗണിച്ച് വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ ഏകോപിപ്പിച്ചുകൊണ്ടാണ് സമഗ്രവും ഏകീകൃതവുമായ പൊതുജനാരോഗ്യ നിയമത്തിന് രൂപം നൽകുന്നത്. 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിനെ കേരള

മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടെന്നും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിനെ കേരള മെഡിക്കൽ കൗൺസിലെന്നും നാമകരണം ചെയ്യുകയോ കാലാനുസൃതമായ ഭേദഗതികൾ വരുത്തുകയോ ചെയ്യാതിരുന്നതിനാൽ കേരളത്തിനുപുറത്തും വിദേശ രാജ്യങ്ങളിലും കൗൺസിലിൽനിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോഴുണ്ടാകുന്ന ആശയക്കുഴപ്പം ഇല്ലാതാക്കേണ്ടത് അനിവാര്യമാണ്. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ കാലഹരണപ്പെട്ട ഔദ്യോഗിക പേരുകൾ പുനർനാമകരണം ചെയ്യേണ്ടതുണ്ട്. കൗൺസിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ മലബാർ മേഖലയിൽനിന്നുള്ളവർക്ക് പ്രാതിനിധ്യം ലഭിക്കും. കോവിഡ് 19 കാരണം 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടുപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന്റെ സമയം ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: I move that: - " This House resolves to disapprove The Kerala Public Health Ordinance, 2021 (Ordinance No. 116 of 2021)." പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുതകുന്ന

നിർദ്ദേശങ്ങൾക്കുപകരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിന്മേലുള്ള കടന്നുകയറ്റമാണ് ബില്ലിലൂടെ നടത്തിയിട്ടുള്ളത്. ബിൽ നിയമമാകുന്നതോടെ ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച കാര്യത്തിൽ നിയമനടപടി സ്വീകരിക്കേണ്ടതാരാണെന്ന കാര്യത്തിൽ സംശയമുണ്ടാകും. കേന്ദ്ര ആരോഗ്യ നയത്തെ മറികടന്ന് ഡി.എച്ച്.എസ്.ലേയ്ക്ക് അധികാരം കേന്ദ്രീകരിക്കുന്ന നിലപാട് ബില്ലിലൂടെ സ്വീകരിച്ചിരിക്കുന്നത് അപകടകരമാണ്. ഈ ബിൽ നിയമമാകുന്നതോടുകൂടി പഞ്ചായത്തിന്റെ അധികാര പരിധിയിൽനിന്നും ആരോഗ്യമേഖലയെ ഒഴിവാക്കപ്പെടുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ബില്ലിലെ പല കാര്യങ്ങളും പഞ്ചായത്ത്രാജ് ആക്ടിൽ ഭേദഗതി വരുത്തി വ്യക്തത വരുത്തേണ്ടിവരും. ഒരേ വിഷയത്തിൽ രണ്ട് അധികാരികൾ പരിശോധന നടത്തുന്നത് ഭാവിയിൽ പ്രശ്നങ്ങൾക്ക് ഇടയാകും. സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറെ അധികാരിയായി നിയമിക്കുന്നതിനുപകരം അദ്ദേഹംകൂടി ഉൾക്കൊള്ളുന്ന ബോർഡിനെ അധികാര കേന്ദ്രമായി മാറ്റണം. പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യാതെ പഞ്ചായത്തുകളുടെ അധികാരങ്ങൾ പൊതുജനാരോഗ്യ നിയമത്തിൽ ഉൾപ്പെടുത്തിയത്

അധികാര നിർവ്വഹണത്തിൽ ആശയക്കുഴപ്പമുണ്ടാക്കും. പൊതുജനാരോഗ്യ രംഗത്ത് ചികിത്സയോടൊപ്പം ഗവേഷണവും മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. സംസ്ഥാനത്തെ ഹെൽത്ത് സബ്സെന്ററുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ) ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി യു. പ്രതിഭ: 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 05-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജില്ലാ ആസൂത്രണ സമിതികളുടെയും പഞ്ചായത്തുകളുടെയും അധികാരം പൊതുജനാരോഗ്യ നിയമപ്രകാരമുള്ള അതോറിറ്റി കവർന്നെടുക്കുമെന്ന ആശങ്ക അസ്ഥാനത്താണ്. അതോറിറ്റികളുടെ കീഴിലുള്ള പൊതുജനാരോഗ്യ പദ്ധതിയുടെ നടത്തിപ്പ് മൂന്ന് മാസത്തിലൊരിക്കൽ വിലയിരുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആധുനികരീതിയിലുള്ള അറവുശാലകളും ശ്മശാനങ്ങളും മികച്ച രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുമൊരുക്കുന്നതടക്കം പൊതുജനാരോഗ്യം ഉത്തരവാദിത്തമായി ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തിക്കൊണ്ട് പൊതുജനാരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം സ്വാഗതാർഹമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള സാംക്രമിക രോഗങ്ങളെയും നിപ, കൊറോണ വൈറസുകളെയും പ്രതിരോധിക്കാൻ സാധിച്ചത് സംസ്ഥാനത്ത് സമഗ്രമായ പൊതുജനാരോഗ്യ സംവിധാനമുള്ളതുകൊണ്ടാണ്. അധികാര വികേന്ദ്രീകരണത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന ബില്ലാണിത്. ആവശ്യമായ പൊതുശൗചാലയങ്ങൾ നിർമ്മിക്കാനും ജലാശയങ്ങൾ മലിനമാക്കുന്നതും രോഗകാരണമാകുന്ന പ്രാണികളുടെ വ്യാപനവും മലിനമായ ഭക്ഷണ വിതരണവും തടയാനും പകർച്ചവ്യാധികൾക്കിടയാകുന്ന സാഹചര്യങ്ങൾ നിയന്ത്രിക്കാനും ശുദ്ധജലവും ശുദ്ധവായുവും ഉറപ്പാക്കാനുമുള്ള ഇടപെടലാണ് ബിൽകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിലുള്ള പൊതുജനാരോഗ്യ അധികാരികൾ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന

പ്രദേശത്തെ വാർഷികാരോഗ്യ സ്ഥിതി റിപ്പോർട്ടും വാർഷികപ്രവർത്തന പദ്ധതികളും തയ്യാറാക്കാൻ നിയമപരമായി ബാധ്യസ്ഥരാകുന്നു എന്ന ബില്ലിലെ വ്യവസ്ഥ സ്വാഗതാർഹമാണ്. സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ പിന്തുടരേണ്ട ചികിത്സാ പ്രോട്ടോക്കോൾ ഈടാക്കേണ്ട നിരക്കുകൾ എന്നിവ പ്രസിദ്ധീകരിക്കാൻ സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്ക് അധികാരം നൽകുന്നുവെന്നത് ശ്ലാഘനീയമാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ഭേദഗതിയെ പിന്താങ്ങുന്നു. ഒരു ഏകീകൃത നിയമത്തിന്റെ അഭാവമാണ് കൃത്യനിർവ്വഹണത്തിന് പ്രയാസകരമായിരുന്നത് എന്നത് ആരോഗ്യ വകുപ്പിന്റെ വീഴ്ചയെയാണ് കാണിക്കുന്നത്. പി.എച്ച്.സി.-കളെയും സി.എച്ച്.സി.-കളെയും ഡീലിങ്ക് ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങളോട് കൂടുതൽ അടുപ്പിക്കുക എന്ന നയമാണ് നടപ്പിലാക്കേണ്ടത്. ജില്ലാ മെഡിക്കൽ ഓഫീസർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തി യോജിച്ചുപ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം. 2021-22 ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിനുവേണ്ടി മാറ്റിവച്ച ബഡ്ജറ്റ് വിഹിതത്തിൽ ഒരു രൂപപോലും ചെലവഴിക്കാത്ത സ്ഥാപനങ്ങളുണ്ടെന്നുള്ളത് പ്രതിഷേധാർഹമാണ്. കേരള പഞ്ചായത്ത് രാജ്

ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നീ നിയമപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുജനാരോഗ്യമുൾപ്പെടെ നൽകിയിരുന്ന അധികാരം നഷ്ടപ്പെടുത്തുന്നതാണ് ഈ ബില്ലിലെ ഉള്ളടക്കം. സർക്കാർ ആശുപത്രികളുടെ നിലവാരമുയർത്താനും മുഴുവൻ ജനവിഭാഗങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കാനും ആരോഗ്യ നിലവാരം മെച്ചപ്പെടുത്താനും ആദിവാസിജനങ്ങൾക്കും വയോജനങ്ങൾക്കും പ്രത്യേകം ആരോഗ്യ പദ്ധതികളാവിഷ്കരിക്കാനും നടപടിയുണ്ടാകണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ഭേദഗതിയെ പിന്താങ്ങുന്നു. പൊതുജനാരോഗ്യരംഗത്ത് കേരളം ഇന്ന് പിന്നോക്കം പോയിരിക്കുകയാണ്. കോവിഡ് മരണങ്ങളും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും ഇവിടെ കൂടുതലാണ്. ജീവിതശൈലീ രോഗങ്ങളും ക്യാൻസർ രോഗവും ആത്മഹത്യാനിരക്കും സംസ്ഥാനത്ത് വർദ്ധിക്കുകയാണ്. സംസ്ഥാനത്തെ ചെറുകിട ക്ലിനിക്കുകളെ ഉൾപ്പെടെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന ഈ നിയമം ആരോഗ്യ മേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്നതല്ല. ഇൻസ്റ്റിറ്റ്യൂഷണൽ പ്രോട്ടോക്കോൾ പിന്തുടരുന്നതിനുപകരം ഏകീകൃത ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ അടിച്ചേൽപ്പിക്കുന്നത് അഭികാമ്യമല്ല.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: I move that- " This House resolves to disapprove The Kerala State Medical Practitioners Ordinance, 2021 (Ordinance No.115 of 2021)" . സംസ്ഥാനത്തെ മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിൽ പ്രാക്ടീസ് ചെയ്യുന്നവരുടെ രജിസ്ട്രേഷനും യോഗ്യതയും നിയന്ത്രിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനുമായി കൊണ്ടുവന്ന ഈ ബില്ലിലെ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുവെങ്കിലും അത് പരിഹരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ബില്ലിന്റെ ഖണ്ഡം 17, 21(1), 21(2) എന്നിവയിൽ പരാമർശിച്ചിട്ടുള്ള ഫീസുകൾ, അലവൻസുകൾ യാത്രാ ബത്ത, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും ചെലവുണ്ടാകുമെങ്കിലും അക്കാര്യം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെയും ലാബ് സൗകര്യങ്ങളുടെയും അപര്യാപ്തത പരിഹരിക്കണം. ആശുപത്രികളിൽ അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുകയും വ്യാജ ചികിത്സാ രീതികൾക്കെതിരെ നടപടിയുണ്ടാകുകയും

വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. വേണ്ടത്ര അവധാനതയില്ലാതെയാണ് ബിൽ രൂപപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. കേരളത്തിന്റെ ആയുർവേദ ചികിത്സാ പൈതൃകത്തിലേയ്ക്ക് ലോകജനതയെ ആകർഷിക്കുന്നതിനും ആയുർവേദ രംഗത്തെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികളുണ്ടാകണം. ആയുഷ് കോൺക്ലേവിനുള്ള തുടർ പരിശ്രമങ്ങൾ ഉണ്ടാകുകയും പാരമ്പര്യ വൈദ്യന്മാരെ സംരക്ഷിക്കുകയും വേണം.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ മേഖലയിൽ സമഗ്രമായി ഇടപെടാൻ കഴിയുന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്താനും പരിചയസമ്പത്തും പ്രാഗത്ഭ്യവുമുള്ളവരെ കൗൺസിൽ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യാനും പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും കൃത്യമായ യോഗ്യത നിഷ്കർഷിക്കാനും തയ്യാറാകണം

കോവിഡ് വാക്സിനെടുത്തവർക്കും കുട്ടികൾക്കും രോഗം വരുന്നത് പ്രതിരോധ പ്രവർത്തനങ്ങളുടെ പരാജയമാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. സുജിത് വിജയൻപിള്ള: 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിന്റെ ചുരുക്കപ്പേരും പ്രാരംഭവും എന്നതിൽ കെ.എസ്.എം.സി. എന്നുകൂടി ഉൾപ്പെടുത്തണം. പീഠികയിൽ, 'ആരോഗ്യ പരിപാലനരംഗത്ത് നിലവിലുള്ള നിലവാരം നിലനിർത്തുന്നതിനും നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലോചിതമായി നവീകരിക്കുന്നതിനും' എന്ന് മാറ്റം വരുത്തണം. കൗൺസിലുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ 15 വർഷം തുടർച്ചയായി മെമ്പർമാരായിട്ടുള്ളവർക്ക് പങ്കെടുക്കാമെന്നും കൗൺസിലിൽ പകുതിയോളം പേർ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണമെന്നും മോഡേൺ മെഡിസിൻ കൗൺസിലിന്റെ ഡീനിനെ രജിസ്ട്രാറായി നിയമിക്കാമെന്നും എക്സ്-ഒഫിഷ്യോ അംഗങ്ങൾ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ പാടില്ലെന്നും ഒരു ഡെപ്യൂട്ടി രജിസ്ട്രാറെ നിയമിക്കണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യണം. നാഷണൽ മെഡിക്കൽ കൗൺസിലിൽ

സംസ്ഥാനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണം. ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നവരെ ജാമ്യമില്ലാ വകുപ്പുൾപ്പെടുത്തി കേസെടുക്കുന്നതിനും ആരോഗ്യപ്രവർത്തകർക്ക് പൊതുജനങ്ങളുമായി ഇടപെടുന്നത് സംബന്ധിച്ച പരിശീലനം നൽകുന്നതിനും ആശുപത്രികളിൽ വൈകുന്നേരം 5 മണി മുതൽ 9 മണി വരെ അത്യാഹിതവിഭാഗത്തിന് സമാന്തരമായി ഒ.പി. പ്രവർത്തിപ്പിക്കുന്നതിനും ലാബ് ടെക്നീഷ്യൻമാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഭേദഗതിയെ പിന്താങ്ങുന്നു. ആരോഗ്യ പ്രവർത്തകർക്കെതിരയുള്ള അക്രമം തടയുന്നതിന് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തണം. അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണം പൂർണ്ണമായും ഇല്ലാക്കാൻ ജാഗ്രത പുലർത്തുകയും കോട്ടത്തറ ട്രൈബൽ മിഷൻ ആശുപത്രിയിൽ പിരിച്ചുവിട്ട താൽക്കാലിക ജീവനക്കാരെ ശമ്പളകുടിശ്ശിക നൽകി തിരിച്ചെടുക്കുന്നതിനും സ്റ്റാഫ് പാറ്റേൺ നടപ്പാക്കുന്നതിനും നടപടിയുണ്ടാകണം. ഹോമിയോപ്പതി ഡോക്ടർമാർക്ക് പ്രാക്ടീസ് അനുവദിക്കുന്നതിനും വിദേശരാജ്യങ്ങളിൽനിന്ന് എം.ബി.ബി.എസ്. പാസ്സായിവരുന്നവർക്ക് എൻറോൾ ചെയ്യാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പാലക്കാട് ജില്ലയിൽ എയിംസ്

സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. എസ്. ജയലാൽ: ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാനത്തെ മോഡേൺ മെഡിസിൻ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നീ വിഭാഗങ്ങളിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ്, മെഡിക്കൽ സാങ്കേതിക വിദ്യയിലും അവശ്യമരുന്നുകളുടെ സ്വഭാവത്തിലും വരുന്ന മാറ്റങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ആശ്രയിക്കാനുള്ള പ്രവണത തുടങ്ങി നിരവധി വെല്ലുവിളികളെ സമഗ്രമായി നേരിടാനുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യനയത്തിൽ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. പ്രാഥമികതലത്തിൽത്തന്നെ പകർച്ചവ്യാധികളുടെയും ജീവിതശൈലി രോഗങ്ങളുടെയും നിയന്ത്രണം, കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയ/ത്രിതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം, ഇ-ഹെൽത്ത് സംവിധാനം തുടങ്ങി ഓരോ രംഗത്തെയും വ്യക്തമായി നിർവ്വചിച്ചുകൊണ്ടാണ് ആരോഗ്യനയം

നടപ്പിലാക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ഉബൈദുള്ള: I move that: - " This House resolves to disapprove The Kerala Clinical Establishments (Registration and Regulation) Amendment Ordinance, 2021 (Ordinance No. 114 of 2021)." 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണങ്ങളും) ആക്ടിലെ 18-ാം വകുപ്പുപ്രകാരം താൽക്കാലിക രജിസ്ട്രേഷന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ രണ്ട് വർഷം വരെ സാധുതയുണ്ടായിരുന്നത് നാല് വർഷമായി ദീർഘിപ്പിച്ചതുകൊണ്ട് ആരോഗ്യമേഖലയ്ക്കോ പൊതുജനങ്ങൾക്കോ പ്രയോജനമുണ്ടാകുകയില്ല. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും എല്ലാ വിഭാഗം ചികിത്സാരീതികളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്താനും സ്വകാര്യ സ്ഥാപനങ്ങളിലെ ചികിത്സാരീതികൾക്ക് ഏകീകൃത റേറ്റിംഗ് നിശ്ചയിക്കാനും നടപടി സ്വീകരിക്കണം. ആശുപത്രികളെ രോഗീസൗഹൃദമാക്കി മാറ്റാനും ഗുണനിലവാരമനുസരിച്ച് തരംതിരിക്കാനും കഴിയണം. സ്വകാര്യ ആശുപത്രികൾ നല്ലരീതിയിൽ പ്രവർത്തിക്കണമെന്ന് മാർഗ്ഗനിർദ്ദേശം നൽകുന്നതോടൊപ്പം സർക്കാർ

ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. മലപ്പുറം താലൂക്ക് ആശുപത്രി വികസനം സാധ്യമാക്കണം. പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ സമയം പുനഃക്രമീകരിക്കുകയും മെഡിക്കൽ കോളേജുകളിലൂൾപ്പെടെ കൂടുതൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ആരംഭിക്കുകയും വേണം. സ്വകാര്യ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നിരക്ക് ഏകീകരിക്കാനും ലാബ് ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ പ്രവാസികൾക്ക് ആർ.ടി.പി.സി.ആർ. ടെസ്റ്റിന് അമിത നിരക്ക് ഈടാക്കുന്നത് പിൻവലിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കോവിഡിന്റെ പേരിൽ സ്വകാര്യ ലാബുകൾക്ക് പെർമനന്റ് രജിസ്ട്രേഷൻ എടുക്കാനുള്ള കാലയളവ് നാല് വർഷമായി നീട്ടിനൽകുന്ന ഭേദഗതി അംഗീകരിക്കാവുന്നതല്ല. കോവിഡ് ബ്രിഗേഡുമാരെ പിരിച്ചുവിടാനുള്ള തീരുമാനം പിൻവലിക്കുന്നതോടൊപ്പം അവർക്ക് പി.എസ്.സി. പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സീനിയോറിറ്റിയിൽ റിലാക്സേഷൻ നൽകുന്നതും ആരോഗ്യ വകുപ്പിലെ താല്ക്കാലിക നിയമനങ്ങളിൽ മുൻഗണന അനുവദിക്കുന്നതും

പരിഗണിക്കണം.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 05-11-2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന മിനിമം സ്റ്റാൻഡേർഡ് നേടാൻ കഴിയാത്തതുകൊണ്ടാണ് താത്കാലിക രജിസ്ട്രേഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ബിൽ കൊണ്ടുവന്നിട്ടുള്ളത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം മിനിമം സ്റ്റാൻഡേർഡ് നിഷ്കർഷിച്ചതിനാൽ ക്ലിനിക്കുകളുടെ ഗുണനിലവാരവും ജീവനക്കാരുടെ യോഗ്യതയും ഉറപ്പുവരുത്തുന്നതിലൂടെ ഗുണപരമായ സേവനം ഉറപ്പാക്കാൻ സാധിക്കും. സമഗ്രമായ ആരോഗ്യനയം പ്രഖ്യാപിക്കാൻ സാധിച്ചതും ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. കേരളത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ മരണനിരക്ക് മറ്റ് സംസ്ഥാനങ്ങളെക്കാൾ കുറവാണ്.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും

നിയന്ത്രണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ലിനിക്കുകളുടെ രജിസ്ട്രേഷനുവേണ്ടി നിയതമായ ചട്ടവും പ്രവർത്തനരീതിയും ആവശ്യമാണ്. ക്ലിനിക്കുകളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുന്നതിലൂടെ ക്ലിനിക്കുകളെ ജനകീയാരോഗ്യ സുരക്ഷാമേഖലയായി കാണാനാണ് ശ്രമിക്കുന്നത്. സ്വകാര്യ മേഖലയിലെ ക്ലിനിക്കുകളുടെ നിയന്ത്രണം പ്രാദേശിക ഗവൺമെന്റുകളെ ഏൽപ്പിക്കാനും അശാസ്ത്രീയമായ ചികിത്സാ രീതികളെ ക്രമേണ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. നാട്ടുചികിത്സകളിലെ ശാസ്ത്രീയവശങ്ങൾ അംഗീകരിച്ച് ലൈസൻസ് അനുവദിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡിന്റെ പശ്ചാത്തലത്തിൽ നിരവധി ആരോഗ്യ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഭാവിയിലുണ്ടാകാവുന്ന വൈറസ് രോഗങ്ങളെക്കുറിച്ച് ജാഗ്രതയും അനുബന്ധപ്രവർത്തനങ്ങളും ആവശ്യമായതിനാൽ നിലവിലുള്ള നിയമങ്ങൾ

പരിഷ്കരിക്കുകയും പുതിയ നിയമങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്. കോവിഡ് 19-നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം നിപ, സിക്ക വൈറസ് മൂലവും മഴക്കെടുതികൾ മൂലവുമുള്ള ആരോഗ്യപ്രശ്നങ്ങളെയും വിജയകരമായി അതിജീവിക്കാൻ കഴിഞ്ഞു. ഇൻഫന്റ് മോർട്ടാലിറ്റി റേറ്റിംഗിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണെന്നുള്ളത് അഭിമാനാർഹമാണ്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയത്തെ അടിസ്ഥാനമാക്കിയുള്ള ഈ ബിൽ ആരോഗ്യമേഖലയിലെ സർവ്വീസുമായി ബന്ധപ്പെട്ട് കേഡർ സംവിധാനം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ടിലെയും മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകളുമായി യാതൊരുവിധത്തിലുള്ള വൈരുദ്ധ്യവും ബില്ലിലില്ല. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അനുസരിച്ച് അംഗീകൃത സ്ഥാപനത്തിൽനിന്ന് മതിയായ യോഗ്യത നേടിയവർക്കാണ് നിയമപരമായ രജിസ്ട്രേഷന് അർഹതയുള്ളത്. 2020-ലെ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി മെഡിസിൻ ആക്ടും 2020-ലെ നാഷണൽ കമ്മീഷൻ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ആക്ടും അനുസരിച്ചുള്ള നാഷണൽ രജിസ്റ്ററിലോ സ്റ്റേറ്റ് രജിസ്റ്ററിലോ ഉൾപ്പെട്ട ഹോമിയോപ്പതി/ പാരമ്പര്യ

ചികിത്സകർക്കു മാത്രമേ പ്രാക്ടീസ് ചെയ്യാൻ കഴിയുകയുള്ളൂവെന്നും അല്ലാത്തവരുടെ പ്രാക്ടീസ് കുറ്റകരമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്രനിയമത്തിലെ വ്യവസ്ഥകളെ സംസ്ഥാന നിയമം ലംഘിക്കുകയോ മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ അവകാശം ഹനിക്കുകയോ ചെയ്യുന്നില്ല.

ആയുർവേദത്തിനും ഹോമിയോപ്പതി മേഖലയ്ക്കും പ്രത്യേക പരിഗണന സർക്കാർ നൽകിയിട്ടുണ്ട്. കണ്ണൂരിൽ രാജ്യാന്തര ആയുർവേദ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയാണ്. കൗൺസിൽ അംഗങ്ങളുടെ യോഗ്യത സംബന്ധിച്ച കാര്യങ്ങൾ ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിർദ്ദേശങ്ങളുൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. കേരളത്തിലെ കോവിഡ് മരണനിരക്ക് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിന് കോവിഡ് പ്രോട്ടോക്കോൾ കൃത്യമായും പാലിക്കണം. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 30-നു മുകളിൽ പ്രായമുള്ള എല്ലാവർക്കും നിശ്ചിത ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നതാണ്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കും അയച്ചു.

2. (iii) <u>2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## III. ക്രമപ്രശ്നം

ബില്ലിലെ ഭരണഘടനാ വിരുദ്ധത

ശ്രീ. എൻ. ഷംസുദ്ദീൻ: വഖഫ് ബോർഡുകൾ ഭരണഘടനയുടെ ആർട്ടിക്കിൾ 26 അനുവദിച്ചിട്ടുള്ള മൗലികാവകാശത്തിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനാൽ അതിനുവിരുദ്ധമായി നിയമനിർമ്മാണം നടത്താൻ പാർലമെന്റിനോ, നിയമസഭകൾക്കോ അധികാരമില്ല. സംസ്ഥാന വഖഫ് ബോർഡുകൾ രൂപീകരിക്കുന്നതും സർക്കാരിനോട് കൂടിയാലോചിച്ച് ബോർഡുകൾ ജീവനക്കാരെ നിയമിക്കുന്നതും 1995-ലെ കേന്ദ്ര വഖഫ് നിയമ പ്രകാരമായതിനാൽ നിയമ ഭേദഗതിക്കോ, നിയമനം പി.എസ്.സി.ക്ക് വിടാനോ സാധിക്കില്ല.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 1995-ലെ കേന്ദ്ര വഖഫ് നിയമപ്രകാരം

ബോർഡിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ആക്റ്റിലെയും അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന വ്യവസ്ഥയുണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷൻ അനുസരിച്ച് നിയമന ചുമതല പി.എസ്.സി.യെ ഏൽപ്പിക്കുന്നതിനുള്ള ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിനോ, റെഗുലേഷനോ വിരുദ്ധമല്ല. ചട്ടങ്ങളും സ്പെഷ്യൽ റൂൾസും രൂപീകരിക്കുമ്പോൾ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കേന്ദ്ര നിയമ പ്രകാരവും ബോർഡ് നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേനയും നിയമനം നൽകും.

**റൂളിംഗ്**

മി. സ്പീക്കർ: സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള ചുമതല പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബിൽ കേന്ദ്ര വഖഫ് നിയമത്തിനോ അതിന് കീഴിലുള്ള റെഗുലേഷനുകൾക്കോ വിരുദ്ധമല്ല. അതോടൊപ്പം, ബിൽ പരിഗണിക്കുന്നത് സഭയുടെ നിയമ നിർമ്മാണാധികാരത്തിന് വിധേയമല്ലെന്ന വാദം നിലനിൽക്കുന്നതല്ല.

**(നിയമനിർമ്മാണകാര്യം തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നത്. വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നത് ബോർഡിന്റെ ചുമതലയാണ്. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുൾപ്പെടെ നിരവധി പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരികയാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന

മതസ്ഥാപനങ്ങളിൽ വഖഫിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കി ജീവനക്കാരുടെ വരുമാനത്തിൽനിന്നും 7 ശതമാനം വരുന്ന തുക വഖഫ് ബോർഡ് ഈടാക്കുകയും പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

ശ്രീ. കെ. പി. എ. മജീദ്: I move that-

"This House resolves to disapprove The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2021 (Ordinance No. 118 of 2021)." മുസ്ലീം വിഭാഗങ്ങളുടെ സംവരണം നഷ്ടപ്പെടുമെന്നതിനാൽ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന തീരുമാനത്തിൽനിന്നും പിന്മാറണം. വഖഫ് ബോർഡിൽ ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും വഖഫ് ബോർഡ് ജീവനക്കാരുടെ സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കുറുക്കോളി മൊയ്തീൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. വഖഫ് ബോർഡിന് കീഴിൽ ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം. സച്ചാർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്കം നിൽക്കുന്ന

മുസ്ലീം സമുദായത്തിന് കിട്ടേണ്ട ആനുകൂല്യങ്ങൾ മറ്റ് സമുദായത്തിന് നൽകിയത് പ്രതിഷേധാർഹമാണ്. ഈ ബില്ലിലൂടെ മതധർമ്മ സ്ഥാപനങ്ങളിൽ അന്യമതസ്ഥർക്ക് കടന്നുകയറാൻ വഴിതെളിക്കുകയാണ്. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് സർവ്വേ നടപടികൾ ത്വരിതപ്പെടുത്തണം. വഖഫ് ബോർഡിന്റെ മഞ്ചേരി ഡിവിഷണൽ ഓഫീസ് വിഭജിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. വി. അൻവർ: 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 05-11-2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന ബില്ലിലെ വ്യവസ്ഥയും വഖഫ് സ്വത്തുകൾ സർവ്വേ നടത്തി കണ്ടെത്താനുള്ള ശ്രമങ്ങളും സ്വാഗതാർഹമാണ്. പി.എസ്.സി. വഴി മുസ്ലീം സമുദായത്തിലുള്ളവരെ മാത്രമേ വഖഫ് ബോർഡിൽ നിയമിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ മുസ്ലീങ്ങളുടെ സംവരണാവകാശം നഷ്ടപ്പെടുന്നില്ല.

<u>ശ്രീ. നജീബ് കാന്തപുരം</u>: 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വഖഫ് ബോർഡിന്റെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നുവെന്ന ഭേദഗതി നിയമവിരുദ്ധമാണ്. ദേവസ്വം ബോർഡ് മാന്വലിൽ ഉൾപ്പെടുത്തിയ വ്യവസ്ഥ വഖഫ് ബോർഡിനും ബാധകമാക്കണം.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ഭേദഗതിയെ പിന്താങ്ങുന്നു. വഖഫ് ബോർഡ് നിയമനങ്ങൾ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സംവരണ തത്വങ്ങൾ ഹനിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടും എല്ലാതലത്തിലും ചർച്ച നടത്തിയും വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതോടെ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയും.

ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: ഭേദഗതിയെ പിന്താങ്ങുന്നു. വഖഫ് ബോർഡ് നിയമനം പി.എസ്.സി.ക്ക് വിടുന്നതോടുകൂടി വഖഫ് ബോർഡിന്റെ

പ്രവർത്തനങ്ങൾ സുതാര്യമാകുമെന്നും അന്യാധീനപ്പെട്ട സ്വത്തുവകകൾ തിരിച്ചുപിടിക്കാൻ കഴിയുമെന്നുമുള്ള തീരുമാനത്തോട് യോജിക്കാൻ കഴിയില്ല. സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ റെഗുലേഷനുണ്ടാക്കാനുള്ള അധികാരം വഖഫ് ബോർഡിൽ മാത്രം നിക്ഷിപ്തമായിരിക്കെ സർക്കാർ ബോർഡിന്റെ അധികാരങ്ങൾ കവർന്നെടുക്കാനാണ് ശ്രമിക്കുന്നത്. വഖഫ് ബോർഡ് റെഗുലേഷനിൽ സർക്കാർ വരുത്തിയ മാറ്റങ്ങൾ കോടതിയുടെ തീർപ്പിന് വിധേയമായിരിക്കുമെന്ന കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കാൻ ശ്രമിക്കുന്നത് ദുരൂഹതയ്ക്ക് ഇടവരുത്തുന്നതാണ്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വഖഫ് ബോർഡിന്റെ റെഗുലേഷൻസ് പൂർണ്ണമായും പാലിച്ചും നിലവിലുള്ള ജീവനക്കാരെ സംരക്ഷിച്ചുമാണ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളത്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ

കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

(സഭ രാത്രി 7.35-ന് പിരിഞ്ഞു.)

* * * * * * * * * *